10/12/2021

03/01/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ CP.No. 944 (5)/19/SIC**

**തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No. 16771/SIC-G7/2019**

സന്നിഹിത

ശ്രീമതി ശ്രീലതപി.ആർ.,സംസ്ഥാനവിവരാവകാശ കമ്മീഷണർ

ഉത്തരവ് തീയതി: 10.12.2021

| | |
|---|---|
| **ശ്രീ. റ്റി. എൻ. മോഹനൻ പിള്ള,<br>താനുവേലിൽ വീട്,<br>തുമ്പമൺതാഴം പി.ഒ<br>ഇലവുംതിട്ട – 689 625.** | **അപ്പീൽഹർജിക്കാരൻ** |
| **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,<br>അടൂർ.** | **എതിർകക്ഷി** |

## ഉത്തരവ്

1. പരാതിക്കാരൻ എസ്.പിഐ.ഒയോട് 06.06.2019 ലെ വിവരാവകാശ അപേക്ഷയിലൂടെ ആവശ്യപ്പെട്ടത്, ബഹു. കേരള മുഖ്യമന്ത്രി സമക്ഷം സമർപ്പിച്ച പരാതിയുടെ പകർപ്പ്, ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശത്തിന്റെ പകർപ്പ്, സ്വീകരിച്ച നടപടി വിവരം, അന്വേഷണ റിപ്പോർട്ട്, ടി കേസുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളുടെയും പരാതിക്കാരന്റെ മൊഴിയുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിങ്ങനെയാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് എസ്.പി.ഐ.ഒയിൽ നിന്നും വിവരം ലഭിക്കാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ 17.10.2019 തീയതി പരാതി സമർപ്പിക്കുകയുണ്ടായി. പരാതി ഫയലിൽ സ്വീകരിച്ച കമ്മീഷൻ 28.07.2021 തീയതി കമ്മീഷൻ ഇരുകക്ഷികളേയും ടെലഫോൺ മുഖാന്തിരം കേൾക്കുകയുണ്ടായി.

[illegible]

ലഭ്യമായിട്ടില്ല എന്നാണ് പരാതിക്കാരൻ അറിയിച്ചത്

4. പരാതിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് 20.06.2019 തീയതി വിവരം നൽകിയിരുന്നു എന്നാണ് എസ്.പി.ഐ.ഒ മൊഴി നൽകിയത്. പ്രസ്തുത മറുപടിയുടെ പകർപ്പ് ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ്, ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പ് എന്നിവ റിപ്പോർട്ടിനൊപ്പം സമർപ്പിച്ചു.

5. പരാതിഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിച്ചതിൽ, പരാതിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ട് എന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടു. എന്നാൽ പ്രസ്തുത രേഖകളും വിവരങ്ങളും പരാതിക്കാരന് ലഭ്യമായിട്ടില്ല എന്ന പരാതിക്കാരന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത മറുപടിയും പകർപ്പുകളും ഈ ഉത്തരവ് കിട്ടി 5 ദിവസത്തിനുള്ളിൽ രജിസ്റ്റേർഡ് തപാലിൽ സൗജന്യമായി ടിയാന് ഒരിക്കൽ കൂടി അയച്ചു നൽകുവാൻ എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്. **ഇപ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2021 ഡിസംബർ മാസം 10 -ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

**(ഒപ്പ്)**
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ഫിനാൻസ് എക്സ്പേർട്ട്**

gs